## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 109 — 06/02/2020-ൽ മറുപടിയ്ക്ക്

## പ്രീപ്രൈമറി വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീമതി യു. പ്രതിഭ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയന രീതിയിലും നടത്തിപ്പിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. കാതലായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി 2014-ൽ ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി, 2017-ൽ പ്രീ-സ്കൂൾ അദ്ധ്യാപക സഹായി (കളിപ്പാട്ടം), 2018-ൽ പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം, അദ്ധ്യാപകർക്കുള്ള വിനിമയ സഹായി (കളിത്തോണി) എന്നിവ വികസിപ്പിച്ചിട്ടുണ്ട് |
| (ബി) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെ എല്ലാ മേഖലകളിലുമുള്ള പ്രീപ്രൈമറി സ്കൂളുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഏകീകൃത പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനായി തയ്യാറാക്കപ്പെട്ട പാഠ്യപദ്ധതി, അദ്ധ്യാപക സഹായി 'കളിപ്പാട്ടം' എന്നിവയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട 60 സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂൾ ടീച്ചർമാർക്ക് ദ്വൈ ഔട്ടായി 'പ്രശിക്ഷ' എന്ന പേരിൽ 2017-ൽ പരിശീലനം നൽകി. 2018-ൽ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ 2400 അദ്ധ്യാപകർക്ക് പരിശീലനം നൽകി. 2019-ൽ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ അദ്ധ്യാപകർക്കും |

| | | | |
|---|---|---|---|
| | | | പൈലറ്റ് പ്രോജക്ടായ ക്ലസ്റ്റർ സംവിധാനത്തിലെ അംഗനവാടികളിലെ അദ്ധ്യാപകർക്കും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തലത്തിൽ രൂപീകരിക്കപ്പെട്ട റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം നൽകി. തുടർന്ന് ജില്ലാതല പരിശീലനങ്ങളും അടിസ്ഥാന പരിശീലനങ്ങളും വകുപ്പുകളുടെ സഹകരണത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യയന രീതി തുടങ്ങിയവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ഡി) | പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യയന രീതി എന്നിവ 2014-ൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാർ ചുമതലപ്പെടുത്തിയ എസ്.സി.ഇ.ആർ.ടി. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | റിപ്പോർട്ട് തയ്യാറായി വരുന്നു. |

Reena

സെക്ഷൻ ഓഫീസർ